# ഒരുൾനാട്ടുപെൺകിടാവിന്




ആതിരവിളക്കിൻെറ
ദീപനാളവും നോക്കി
ധ്യാനമഗ്നയായ് നിൽക്കും
നാട്ടുപെൺകിടാവേ! ഞാൻ

കുളിരാർന്നൊരീ രാവിൽ
നിൻകരൾത്തുമ്പിൽപ്പൂത്തു
കരിയും സ്വപ്നങ്ങളെ–
യുമ്മവച്ചുണർത്തുവാൻ

കാഞ്ചനമണിത്തേരി–
ലേറിയീ മരുഭൂമി
താണ്ടിയിന്നൊരു കൊടും
കാറ്റുപോലണയുന്നു.

പാൽക്കാരി – രവിവർമ്മച്ചിത്രം

ചാട്ടവാറോങ്ങി, ക്കടി–
ഞ്ഞാണുലച്ചതിവേഗം
പാഞ്ഞുപോകുമ്പോൾ ഞാനീ–
ത്താഴ്വരത്തടങ്ങളിൽ

ചത്ത നൂറ്റാണ്ടിൻ ശവ–
പ്പെട്ടിയും ചുമപ്പിച്ചു
മുക്തി നേരുവാൻ നില്പു
കൊന്തയും പൂണൂൽകളും.

പൂവുകൾ വിരിക്കുകെൻ
മാർഗ്ഗമദ്ധ്യത്തിൽ, ക്കണ്ണീർ–
പ്പൂവുകളുതിർക്കാതെ
നാട്ടുപെൺകിടാവേ! നീ.

നിൻെറ പൂർവികർ ചൊല്ലിഃ
വിധിയാണതിൻ മുന്നിൽ
കുമ്പിട്ടു നില്ക്കു; നിൻെറ
പൂർവ ജൻമത്തിൻ ഫലം.

സ്വർഗ്ഗരാജ്യത്തിൻ നട-
പ്പാത കാട്ടുവാൻ വന്ന
ദൈവദൂതൻമാരോതിഃ
പോരിക പിന്നിൽക്കൂടെ.

ഗതകാലത്തിൻ പാപ-
ഭാരവും ചുമന്നു കൊ-
ണ്ടിതിലേ വന്നു വീണ്ടും
മാലാഖമാരെത്ര പേർ?

വിരിഞ്ഞു ശതാബ്ദങ്ങ-
ളിപ്രപഞ്ചത്തിൽ; പ്പിന്നെ-
ക്കരിഞ്ഞു പുഴുക്കുത്തേ-
റ്റവ മണ്ണടിഞ്ഞപ്പോൾ

തകർന്നു ചെങ്കോലുകൾ;
തെറിച്ചു വെറും മണ്ണി-
ലുരുണ്ടു കിരീടങ്ങ-
ളെങ്കിലും തലപൊക്കി

നില്ക്കുവാനെവിടന്നു
ധൈര്യമാർന്നുവോ നിങ്ങൾ-
ക്കെൻ കരവാളിൻ മുന്നിൽ
തുരുമ്പിൻ തരികളേ!

ഇക്കുളമ്പടിയുടെ
മാറ്റൊലി വീണ്ടും നാലു-
ദിക്കിലും മുഴങ്ങുമ്പോൾ
നാട്ടു പെൺകിടാവേ! നീ

താഴെ വയ്ക്കുകീജ്ജപ-
മാലകൾ; വന്നു മുന്നിൽ
ദൈവദൂതനല്ലിതു
നിൻെറ കാമുകൻ ധീരൻ.

കണ്ണുകളടച്ചു നീ
യെൻ വിരിമാറിൽ ച്ചേർന്നു
വിണ്ണിലമ്പിളിക്കല
മാതിരി കിടക്കുമ്പോൾ

നാളെയെൻ തലമുറ
ചക്രവാളത്തിൽ പ്രേമ-
കാഹളം മുഴങ്ങുമ്പോൾ
കാണുവാൻ വരും നിന്നെ.

ആതിരവിളക്കിൻെറ
ദീപനാളത്തിൻ മുന്നിൽ
കൂപ്പുകൈയുമായ് നിന്ന
നാട്ടുപെൺകിടാവേ! നീ

ഇരുളിൻ തൊഴിയേറ്റു
വീണ ഭൂഖണ്ഡങ്ങളിൽ
ചവിട്ടിത്തേയ്ക്കപ്പെടും
മനുഷ്യത്വത്തിൻ മുന്നിൽ

ധീരമായ്, മധുരമായ്
പാടുക! നിൻ ശബ്ദത്തിൻ
മാറ്റൊലി മുഴങ്ങിയാൽ
ഞെട്ടുകയില്ലേ വിശ്വം ? ■ 1960